# കേരള കാർഷിക സർവകലാശാല

**മെക്കാനിക്കൽ സബ് ഡിവിഷൻ, വെള്ളാനിക്കര**

കെ.എ.യു (പി.ഒ), തൃശ്ശൂർ - 680 656

ഇമെയിൽ:msdvka@kau.in
ഫോൺ :0487 2438626


---

നമ്പർ:എം.എസ്.ഡി(വി)/406/2015 തീയതി:05.08.2024

## ലേല പരസ്യം നമ്പർ 01/2024-25

കേരള കാർഷിക സർവകലാശാല മെക്കാനിക്കൽ സബ് ഡിവിഷൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കീഴിലുള്ള കെ.എ.യു ഓട്ടോമൊബൈൽ വർക്ക്ഷോപ്പിലെയും, കേരള കാർഷിക സർവകലാശാല ആസ്ഥാനത്തിന് കീഴിലുള്ള എൽ.ഡി.വി. വാഹനങ്ങളുടെയും അൺസർവീസിബിൾ ആർട്ടിക്കിൾസ് ദർഘാസ് സ്വീകരിച്ച പരസ്യമായി കെ.എ.യു മെയിൻ കാമ്പസിലെ ഓട്ടോമൊബൈൽ വർക്ക്ഷോപ്പ് പരിസരത്ത് വച്ച് ലേലം ചെയ്യുന്നു.

| നമ്പർ | സാധനങ്ങളുടെ വിവരം | ലേല തീയതി | നിരതദ്രവ്യം |
|---|---|---|---|
| 1. | കെ.എ.യു ഓട്ടോമൊബൈൽ വർക്ക്ഷോപ്പിലെ അൺസർവീസിബിൾ ആർട്ടിക്കിൾസ്, ഡാമേജ്ഡ് വാട്ടർ സപ്ലൈ ആർട്ടിക്കിൾസ്. | 13/08/2024 ന് രാവിലെ 11.00 മണിക്ക് | 1,000/- രൂപ |
| 2. | കെ.എ.യു ആസ്ഥാനത്തെ എൽ.ഡി.വി വാഹനങ്ങളുടെ അൺസർവീസിബിൾ ആർട്ടിക്കിൾസ്. | | 1,000/- രൂപ |

ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേല ദിവസം ലേല സ്ഥലത്ത് ഹാജരാകേണ്ടതും ലേലം തുടങ്ങുന്നതിനു ഒരു മണിക്കൂർ മുൻപ് അതാത് സാധനങ്ങളുടെ നിരത ദ്രവ്യം അടച്ച് ടോക്കൺ വങ്ങേണ്ടതുമാണ്. ഓരോന്നിനും പ്രത്യേകം ദർഘാസും നിരതദ്രവ്യവും നൽകേണ്ടതാണ്. മേൽ പരാമർശിച്ചിരിക്കുന്ന സാധനങ്ങളുടെ വിൽപ്പനയ്ക്ക് ദർഘാസുകൾ സ്വീകരിക്കുന്നതാണ്. സീൽ ചെയ്ത കവറിൽ ദർഘാസുകൾ നേരിട്ടോ തപാൽ മുഖേനയോ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, മെക്കാനിക്കൽ സബ് ഡിവിഷൻ,കെ.എ.യു., വെള്ളാനിക്കര-യുടെ കാര്യാലയത്തിൽ ലേലം തുടങ്ങുന്നതിനു ഒരു മണിക്കൂർ മുൻപ് വരെ സ്വീകരിക്കുന്നതാണ്. പരസ്യ ലേലം അവസാനിച്ചാലുടൻ ദർഘാസുകൾ ലേലക്കാരുടെ സാന്നിധ്യത്തിൽ തുറക്കുന്നതും ലേലത്തിലോ, ദർഘാസിലോ ഏതിലാണോ കൂടുതൽ തുക കാണുന്നത് ആ തുകകക്ക് വിൽപ്പന സ്ഥിരപ്പെടുത്തുന്നതുമാണ്. ലേലം സ്ഥിരപ്പെടുത്തി ലഭിക്കുന്ന വ്യക്തികൾ 18% ജി.എസ്.ടി ഉൾപ്പെടെ ലേലം/ദർഘാസ് തുക മുഴുവനായും ലേലസ്ഥലത്തു വച്ച തന്നെ അടക്കേണ്ടതാണ്. കൂടാതെ ലേലം/ദർഘാസ് സ്ഥിരപ്പെടുത്തിയ ഉത്തരവ് കിട്ടി 5 (അഞ്ച്) ദിവസത്തിനകം ലേലം കൊണ്ട സാധനസാമഗ്രികൾ സ്വന്തം ചെലവിലും ഉത്തരവാദിത്തത്തിലും കൊണ്ടുപോകേണ്ടതാണ്.

ലേലം കൊണ്ടയാൾ മേൽ പറഞ്ഞ നിബന്ധനകൾ ലംഘിച്ചാൽ അടച്ച നിരതദ്രവ്യം സർവകലാശാലയിലേക്ക് മുതൽക്കൂട്ടുന്നതും സാധനസാമഗ്രികൾ പുനർലേലം ചെയ്യുന്നതുമാണ്.

ലേലം ചെയ്യപ്പെടുന്ന സാധനസാമഗ്രികൾ പരിശോധിക്കണമെന്നുള്ളവർക്ക് ലേല തീയതിക്ക് തൊട്ടു മുൻപുള്ള പ്രവർത്തി ദിനങ്ങളിൽ രാവിലെ 10.00 മണി മുതൽ വൈകുന്നേരം 5.00 മണി വരെയുള്ള സമയത്ത് സാധനസാമഗ്രികൾ സൂക്ഷിച്ചിട്ടുള്ള കേന്ദ്രം മേധാവിയുടെ അനുമതിയോടെ പരിശോധിക്കാവുന്നതാണ്. ഇതുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾക്ക് താഴെ പറയുന്ന ഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

1) 0487-2438626 (അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം, മെക്കാനിക്കൽ സബ് ഡിവിഷൻ, കെ.എ.യു., വെള്ളാനിക്കര.)
2) 0487-2438029 (ജിഎ എച്ച് & പി സെക്ഷൻ, കെ.എ.യു. ഹെഡ് ക്വാർട്ടേഴ്സ്, വെള്ളാനിക്കര.)

ലേലം സംബന്ധിച്ച അന്തിമ തീരുമാനം എടുക്കുന്നതിനും, യാതൊരുകാരണവും കൂടാതെ ഈ നോട്ടീസ് പ്രകാരമുള്ള ലേലം/ദർഘാസ് നടപടികൾ മാറ്റിവെയ്ക്കുകയോ അസ്ഥിരപ്പെടുത്തുകയോ ചെയ്യുവാനുള്ള പൂർണ്ണ അധികാരം ഡയറക്ടർ ഓഫ് ഫിസിക്കൽ പ്ലാന്റ്, കെ.എ.യു., വെള്ളാനിക്കര -യിൽ നിക്ഷിപ്തമാണ്.

6/8/24

രാജേന്ദ്രപ്രസാദ് എസ്.
**അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ**

പകർപ്പ് :

1) കെ.എ.യു വെബ്സൈറ്റ്.
2) മെയിൻ ഗേറ്റ്, തോട്ടപ്പടി.
3) നോട്ടീസ് ബോർഡ് -എല്ലാ സബ് ഡിവിഷനുകളും
4) നോട്ടീസ് ബോർഡ് — ഡയറക്ടർ ഓഫ് ഫിസിക്കൽ പ്ലാന്റ്, കെ.എ.യു., വെള്ളാനിക്കര.
5) ഫയൽ